രുന്ന നികുതി വരുമാനത്തിൽ എന്തു തുക പിരിച്ചെടുത്തുവെന്നും ഇത് ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ എത്ര ശതമാനമാണെന്നും ഓരോ വകുപ്പും തിരിച്ച് അറിയിക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയം ഭരണ സ്ഥാപനങ്ങളുടെയും നിക്ഷേപം ട്രഷറികളിലേയ്ക്ക് മാറ്റാൻ നിർദ്ദേശിച്ചതിലൂടെ ഇതുവരെ സംസ്ഥാന സർക്കാരിന് ട്രഷറികളിൽ എത്രകോടി രൂപയുടെ അധിക നിക്ഷേപം ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ;

(സി) കടപ്പത്ര വില്പനയുടെ പുരോഗതി എന്താണെന്നും ഇതുവരെ എന്തു തുക സമാഹരിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ നികുതിയിനങ്ങളിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് എന്ന് സാമ്പത്തിക വർഷത്തിന്റെ അവസാനം കണക്കുകൾ പൂർത്തിയാക്കിയതിനുശേഷം മാത്രമേ തിട്ടപ്പെടുത്താൻ കഴിയുകയുള്ളു.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടേയും സ്വയം ഭരണ സ്ഥാപനങ്ങളുടേയും നിക്ഷേപം ട്രഷറികളിലേയ്ക്ക് മാറ്റാൻ നിർദ്ദേശിച്ചതിലൂടെ ഇതുവരെ സംസ്ഥാന സർക്കാരിന് ട്രഷറികളിൽ 173,53, 41,952/-രൂപ (നൂറ്റി എഴുപത്തിമൂന്ന് കോടി അൻപത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി തൊള്ളായിരത്തി അൻപത്തി രണ്ട് രൂപ) നിക്ഷേപം ഉണ്ടാക്കാൻ കഴിഞ്ഞു.

(സി) സർക്കാർ വികസന വായ്പ ഇനത്തിൽ ഈ വർഷം 590.93 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

28 (341) കായംകുളം മണ്ഡലത്തിലെ ഭരണാനുമതിക്കുള്ള നിർമ്മാണ പദ്ധതികൾ

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ 1999-2000-ാമാണ്ടിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ വർക്കുകളിൽ പണി ആരംഭിച്ചവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പണി ആരംഭിക്കാത്ത മണ്ഡലത്തിലെ നിർമ്മാണ പദ്ധതികൾക്കെല്ലാം ധനകാര്യ വകുപ്പ്, നിർമ്മാണത്തിനുള്ള അനുമതി നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) എസ്റ്റിമേറ്റ് പ്രകാരം അധികം ആവശ്യമായി വരുന്ന ഫണ്ടുകൾ കൂടി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ മണ്ഡലത്തിലെ ബഡ്ജറ്റിൽ അനുവദിച്ച വർക്കുകൾ ഫണ്ടില്ലാത്തതു കാരണം നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുമോ?

ഉത്തരം

(എ) കായംകുളം ഠൗണിലെ മുട്ടംപാലം, കായംകുളം കാർത്തികപ്പള്ളി റോഡ് പരിഷ്കരണം എന്നിവയുടെ പണി ആരംഭിച്ചുകഴിഞ്ഞു. ടി.ബിയിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന പണി പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണാനുമതിയുള്ള പണികൾക്ക് അധികതുക ആവശ്യമാണെങ്കിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് പരിഗണിക്കുന്നതാണ്.

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ബഡ്ജറ്റിൽ അനുവദിച്ച് പണികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സ്ഥിതി അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

29 (342) ട്രഷറികളുടെ കമ്പ്യൂട്ടർ വൽക്കരണം

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> :

<u>ശ്രീ. പി.പി സുലൈമാൻ റാവുത്തർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ട്രഷറി നടപടികളിൽ എന്തൊക്കെ ഗുണകരമായ മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതിയുണ്ടെന്നും ആകെ എന്തു തുക ചെലവു വരുമെന്നും വെളിപ്പെടുത്താമോ;

(സി) ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം നിമിത്തം ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരുമോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര കുറവുണ്ടാകുമെന്നും അധികം വരുന്ന ജീവനക്കാരെ എവിടെ നിയമിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കമ്പ്യൂട്ടർവൽക്കരണംകൊണ്ട് ട്രഷറി ഇടപാടുകൾ എളുപ്പത്തിലും സുഗമമായും നടത്തുവാൻ കഴിയുന്നു. വരവ് ചെലവു കണക്കുകൾ കൃത്യമായി അതാതു ദിവസം തന്നെ കണക്കാക്കുവാനും കഴിയുന്നു.

(ബി) സംസ്ഥാനത്തെ മുഴുവൻ ട്രഷറികളും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതിയുണ്ട്. ഇതിന് ഏകദേശം 18 കോടിയോളം രൂപ ചെലവാകുമെന്ന് കരുതുന്നു;

(സി) ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതുകൊണ്ട് ജീവനക്കാരുടെ എണ്ണത്തിൽ കുറവുവരാൻ സാധ്യതയില്ല.

30 (343) കുംബളയിൽ സബ് ട്രഷറി

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുംബളയിൽ സബ് ട്രഷറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഇതിനകം എന്ത് നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly